**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **08.11.2019- ൽ മറുപടിയ്ക്ക്**
**ചോദ്യം നം. 3352**

**കൃഷി ആഫീസർ തസ്തികയിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. കെ. ബാബു** | | **ശ്രീ. വി. എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ കൃഷിഭവനുകളിൽ കൃഷി ആഫീസർ തസ്തിക ഒഴിഞ്ഞു കിടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര ഒഴിവുകളാണുള്ളതെന്ന് വിശദമാക്കുമോ; | (എ) | ഉണ്ട്. കൃഷി ഓഫീസർ തസ്തികയിൽ, കൃഷി അസിസ്റ്റന്റ് തസ്തികയിൽ നിന്ന് വകുപ്പുതല പ്രമോഷൻ വഴി നികത്തേണ്ട 44 ഒഴിവും കേരള പി.എസ്.സി വഴി നേരിട്ട് നിയമനം നടത്തേണ്ട 32 ഒഴിവും ഉൾപ്പെടെ ആകെ 76 ഒഴിവുകൾ നിലവിലുണ്ട്. പി. എസ്. സി. വഴി നിയമനം നടത്തേണ്ട ഒഴിവുകൾ മുഴുവനും പി. എസ്. സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇനിയും ഒഴിവുകളുണ്ടാകുന്ന മുറയ്ക്ക് കാലതാമസം കൂടാതെ തന്നെ ഒഴിവുകൾ പി. എസ്. സി. യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) നിലവിൽ എത്ര ഒഴിവുകളാണ് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | 24/07/2018-ൽ നിലവിൽ വന്ന 704/2017/SSVII നമ്പർ പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനത്തിനായി നാളിതുവരെ 561 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**